**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1371** | **03/10/2016 ൽ മറുപടിക്ക്** |

**മുൻ മന്ത്രിമാർക്കെതിരെയുള്ള വിജിലൻസ് കേസ്സുകളുടെ വിവരം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.യു.ആർ.പ്രദീപ്** | | **ശ്രീ.പിണറായി വിജയൻ (ബഹു.മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഏതെല്ലാം മുൻമന്ത്രിമാർക്കെതിരെയാണ് അഴിമതി നിരോധന നിയമപ്രകാരം വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നത്; അവരുടെ പേരുവിവരങ്ങൾ വ്യക്തമാക്കാമോ; | (എ) | 1. ശ്രീ.കെ.എം.മാണി, മുൻ ധനകാര്യ നിയമ വകുപ്പ് മന്ത്രി.<br>2. ശ്രീ.കെ.ബാബു, മുൻ എക്സൈസ് വകുപ്പ് മന്ത്രി.<br>3. ശ്രീ.അടൂർ പ്രകാശ്, മുൻ റവന്യൂ/കയർ വകുപ്പ് മന്ത്രി.<br>4. ശ്രീ.കുഞ്ഞാലിക്കുട്ടി, മുൻ വ്യവസായ/ ഐ.റ്റി. വകുപ്പ് മന്ത്രി. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം മുൻമന്ത്രിമാർക്കെതിരെയാണ് വിജിലൻസ് അഴിമതി നിരോധന നിയമപ്രകാരം കേസ്സെടുത്ത് അന്വേഷണം നടത്തിവരുന്നത്; അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 4 മുൻ മന്ത്രിമാർക്കെതിരെ കേസ് എടുത്ത് അന്വേഷണം നടത്തി വരുന്നു. ആയതിന്റെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

I. ശ്രീ.കെ.എം.മാണി.

(1) വി.സി.20/2016/സി.ആർ.ഇ./ഫിൻ.

കേരളത്തിലുടനീളം ബ്രോയ് ലർ ചിക്കൻ ബിസിനസ് നടത്തുന്ന തോംസൺ ഗ്രൂപ്പിനേയും ശ്രീധരീയം ആയുർവേദിക് മെഡിസിൻ പ്രൈവറ്റ് ലിമിറ്റഡിനേയും മറ്റും മുൻ ധനകാര്യ വകുപ്പ് മന്ത്രി ശ്രീ.കെ.എം.മാണി സഹായിച്ചു എന്ന ശ്രീ.നോബിൾ മാത്യു അഡ്വക്കേറ്റിന്റെ പരാതിയിന്മേൽ ഒരു സത്വരാന്വേഷണം നടത്തുകയും (ക്യു.വി.01/2016/ സി.ആർ.ഇ/എസ്.റ്റി) തുടർന്ന് വി.സി.20/2016/സി.ആർ.ഇ./ ഫിൻ. നമ്പരായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തി വരുന്നു.

(2) വി.സി.04/2016/കെ.റ്റി.എം./ഫിൻ.

ചങ്ങനാശ്ശേരിയിലെ ലെഡ് ഓക്സൈഡ് വ്യാപാരിയോട് മുൻ ധനകാര്യ മന്ത്രി ശ്രീ.കെ.എം.മാണി സ്വജനപക്ഷപാതം കാണിച്ചു എന്ന ശ്രീ.ജോർജ്ജ്.സി.കാപ്പന്റെ പരാതിയിന്മേൽ പി.ഇ.04/2016/ കെ.റ്റി.എം./ഫിൻ. നമ്പരായി ഒരു പ്രാഥമികാന്വേഷണം നടത്തുകയും തുടർന്ന് വി.സി. 04/2016/കെ.റ്റി.എം./ഫിൻ. നമ്പരായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തി വരുന്നു.

(3 ) വി.സി.06/2014/എസ്.ഐ.യു.1/എക്സൈസ്

മുൻ ധനകാര്യ നിയമ മന്ത്രി ആയിരുന്ന ശ്രീ.കെ.എം.മാണിയ്ക്കെതിരായി ബാർ കോഴ സംബന്ധിച്ച് വി.സി.06/2014/ എസ്.ഐ.യു.1/എക്സൈസ് നമ്പരായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തത് പുനരന്വേഷണഘട്ടത്തിലാണ്.

II ശ്രീ.കെ.ബാബു., മുൻ എക്സൈസ് വകുപ്പ് മന്ത്രി

(a). വി.സി.05/2016/സി.ആർ.ഇ./എക്സൈസ്

ബാറുകൾക്ക് ലൈസൻസ് നല്കുന്നതിന് കോഴ വാങ്ങിയതു സംബന്ധിച്ച് വി.സി.05/2016/സി.ആർ.ഇ./ എക്സൈസ് നമ്പരായി മുൻ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ.കെ.ബാബുവിനെ തിരെ ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തത് അന്വേഷണഘട്ടത്തിലാണ്.

(b). വി.സി.17/2016/എസ്.സി.ഇ.

മുൻ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ.കെ.ബാബുവിനെതിരെ അനധികൃത സ്വത്ത് സമ്പാദ്യം സംബന്ധിച്ച് വി.സി.17/2016/ എസ്.സി.ഇ.ആയി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തത് അന്വേഷണഘട്ടത്തിലാണ്.

III. ശ്രീ.അടൂർ പ്രകാശ്, മുൻ റവന്യൂ കയർ മന്ത്രി

IV. ശ്രീ.കുഞ്ഞാലിക്കുട്ടി, മുൻ വ്യവസായ / ഐ.റ്റി. മന്ത്രി.

വി.സി.05/2016/എസ്.ഐ.യു.II

കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ മന്ത്രിസഭയിലെ മുൻ റവന്യൂ/ കയർ മന്ത്രിയായിരുന്ന (1) ശ്രീ.അടൂർ പ്രകാശ്, (2) ശ്രീ.കുഞ്ഞാലിക്കുട്ടി, മുൻ വ്യവസായ / ഐ.റ്റി. മന്ത്രി എന്നിവർക്കെതിരേയും ഐ.റ്റി.പാർക്കുകൾ സ്ഥാപിക്കുന്നതിനായി ഭൂപരിധി വ്യവസ്ഥകൾ ഇളവു ചെയ്ത് ഭൂമി അനുവദിച്ചതു വഴി അധികാര ദുർവിനിയോഗം നടത്തി എന്നതു സംബന്ധിച്ച് വി.സി.05/2016/എസ്.ഐ.യു. II നമ്പരായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്.

പിണറായി വിജയൻ